**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 106** | **28.11.2018-ൽ മറുപടിക്ക്** |
|---|---|

**സ്കൂൾ വാഹനങ്ങളുടെ ക്ഷമത പരിശോധന**

| | ചോദ്യം<br>ശ്രീ. കെ.എം.ഷാജി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള മോട്ടോർ വാഹന വകുപ്പ് , ആഭ്യന്തരവകുപ്പ് എന്നീ വകുപ്പുകൾ ഒറ്റയ്ക്കോ കൂട്ടായോ രാവിലെയും വൈകുന്നേരങ്ങളിലും സ്കൂൾ കുട്ടികളെയും കയറ്റിക്കൊണ്ട് പോകുന്ന സ്വകാര്യ സ്കൂൾ വാഹനങ്ങൾ എത്ര തവണ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്;വിശദമായ കണക്ക് ജില്ലതിരിച്ച് നല്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്കൂൾ വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര വകുപ്പിന്റെയും മോട്ടോർവാഹന വകുപ്പിന്റെയും ജില്ല തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇത്തരം പരിശോധനയിൽ എത്ര വാഹനങ്ങൾ/ഡ്രൈവർമാർ ഏതൊക്കെ രീതിയിൽ നിയമം ലംഘിച്ചതായി കണ്ടെത്തി;അതിൽ എത്ര പേർക്കെതിരെ ഏതെല്ലാം രീതിയിലുള്ള ശിക്ഷണനടപടികൾ സ്വീകരിച്ചു; പിഴ ഇനത്തിൽ എത്ര തുക പിരിഞ്ഞ് കിട്ടി; | | |
| (സി) | സ്കൂൾ കുട്ടികളെയും കയറ്റിക്കൊണ്ട് പോകുന്ന ഇത്തരം വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും മരണം സംഭവിക്കുന്നതും വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത്, അപകടശേഷം നടപടിക്ക് കാത്ത് നില്ക്കാതെ പീരിയോഡിക്കലായി ഇത്തരം വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുമോ? | (സി) | ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും സേവനം ഉപയോഗപ്പെടുത്തി പീരിയോഡിക്കലായി കർശന വാഹന പരിശോധന നടത്തി വരുന്നു. സ്വകാര്യ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കൂൾ ബസ്സായി ഉപയോഗിക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, സ്കൂൾ കുട്ടികളെ കുത്തിനിറച്ചു കൊണ്ടു പോകുന്ന സ്കൂൾ ബസുകൾ, ഓട്ടോറിക്ഷകൾ എന്നിവയ്ക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ സ്കൂൾ |

| | | | |
|---|---|---|---|
| | | | വാഹനങ്ങളിലും ഡോർ അറ്റന്റന്റ് നിർബന്ധമാണ്. കൂടാതെ സ്കൂൾ വാഹനങ്ങളിൽ പ്രവർത്തനക്ഷമമായ അഗ്നി ശമന ഉപകരണങ്ങൾ, സ്പീഡ് ഗവർണ്ണർ എന്നിവ നിർബന്ധമാണ്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്ത വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## മോട്ടോർ വാഹന വകുപ്പ്

| ക്രമനം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 909 |
| 2 | കൊല്ലം | 403 |
| 3 | പത്തനംതിട്ട | 517 |
| 4 | ആലപ്പുഴ | 881 |
| 5 | കോട്ടയം | 632 |
| 6 | ഇടുക്കി | 18 |
| 7 | എറണാകുളം | 3068 |
| 8 | തൃശ്ശൂർ | 684 |
| 9 | പാലക്കാട് | 782 |
| 10 | മലപ്പുറം | 235 |
| 11 | കോഴിക്കോട് | 23 |
| 12 | വയനാട് | 53 |
| 13 | കണ്ണൂർ | 195 |
| 14 | കാസർഗോഡ് | 79 |

പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനം അമിതമായി കുട്ടികളെ കയറ്റുക, സ്പീഡ് ഗവർണർ വിടുവിക്കുക, നിശ്ചിത യോഗ്യത ഇല്ലാത്ത ഡ്രൈവർ വാഹനം ഓടിക്കുക, അപകടകരമായി വാഹനം ഓടിക്കുക എന്നീ കുറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4740 ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചു.

പിഴ തുക-28,75,300/-

രാവിലെയും വൈകുന്നേരങ്ങളിലും സ്കൂൾ കുട്ടികളെയും കയറ്റിക്കൊണ്ട് പോകുന്ന സ്വകാര്യ സ്കൂൾ വാഹനങ്ങൾ പരിശോധിച്ചതിനെ പറ്റിയുള്ള വിവരങ്ങൾ (25-05-2016 മുതൽ 20-11-2018 വരെ)

| ജില്ല | എത്ര തവണ പരിശോധനയ്ക്ക് വിധേയമാക്കി | എത്ര വാഹനങ്ങൾ/ ഡ്രൈവർമാർ | ഏതൊക്കെ രീതിയിൽ നിയമം ലംഘിച്ചതായി കണ്ടെത്തി | എത്ര പേർക്കെതിരെ ഏതെല്ലാം രീതിയിലുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു | പിഴ ഇനത്തിൽ പിരിഞ്ഞ തുക |
|---|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 4988 | 4988 | മദ്യപിച്ച് വാഹനമോടിച്ചതിന്,അമിത വേഗതയതിൽ, അധികമായി കുട്ടികളെ കയറ്റി കൊണ്ടു പോകുക, സിഗ്നൽ ലൈറ്റ് ലംഘനം, യൂണിഫോം ധരിക്കാതിരിക്കുക, അശ്രദ്ധമായി വാഹനമോടിക്കൽ,വാഹനമോടിക്കുമ്പോഴുള്ള മൊബൈൽ ഫോൺ ഉപയോഗം, ഡ്രൈവിംഗ് ലൈസൻസ് ,വാഹനത്തിന്റെ ഇൻഷ്വറൻസ്,പെർമിറ്റ് ഇല്ലാതിരിക്കുക,സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, വാഹനത്തിന് ഡോർ, ഷട്ടറുകൾ ഇല്ലാതിരിക്കുക | 95 | 43100 |
| തിരുവനന്തപുരം റൂറൽ | 2039 | 1762 | | 71 | 16200 |
| കൊല്ലം സിറ്റി | 535 | 1370 | | 145 | 17400 |
| കൊല്ലം റൂറൽ | 2359 | 1438 | | 23 | 13200 |
| പത്തനംതിട്ട | 1204 | 1163 | | 3 | 8200 |
| ആലപ്പുഴ | 351 | 165 | | 165 | 23400 |
| കോട്ടയം | 6093 | 29284 | | 1532 | 252351 |
| ഇടുക്കി | 2793 | 4195 | | 91 | 36200 |
| എറണാകുളം സിറ്റി | 3369 | 18008 | | 1701 | 289600 |
| എറണാകുളം റൂറൽ | 628 | 2367 | | 184 | 36600 |
| തൃശ്ശൂർ സിറ്റി | 3575 | 5350 | | 95 | 24650 |
| തൃശ്ശൂർ റൂറൽ | 1762 | 2960 | | 447 | 6000 |
| പാലക്കാട് | 1546 | 2336 | | 107 | 33100 |
| മലപ്പുറം | 1560 | 2166 | | 57 | 5700 |
| കോഴിക്കോട് സിറ്റി | 897 | 1374 | | 278 | 55600 |
| കോഴിക്കോട് റൂറൽ | 866 | 1413 | | 103 | 14200 |
| വയനാട് | 2326 | 2326 | | 55 | 7000 |
| കണ്ണൂർ | 4516 | 15479 | | 540 | 190600 |
| കാസർഗോഡ് | 119 | 6152 | | 95 | 9500 |
| TOTAL | 41526 | 104296 | | 5787 | 1082601 |